## 5. ദക്ഷിണേഷ്യ

### (i) ഇന്ത്യാ ഉപഭൂഖണ്ഡം

ഇന്ത്യയിൽ ഇസ്‌ലാം മതം ഹി. ഒന്നാം നൂറ്റാണ്ടിൽ (ക്രി. ഏഴാം നൂറ്റാണ്ട്) തന്നെ പ്രചരിച്ചിട്ടുണ്ടെന്നാണ് ചരിത്രാന്വേഷണ പഠനങ്ങൾ വ്യക്തമാക്കുന്നത്.

ഇന്ത്യയുടെ തീരപ്രദേശങ്ങളിലേക്ക് ഉമറിന്റെ കാലത്തുതന്നെ അറബികൾ പടയോട്ടം നടത്താൻ തുടങ്ങിയിരുന്നു. ആദ്യപ്രാവശ്യം അവർ താനയിലേക്ക് മാർച്ചുചെയ്തു. ആ സ്ഥാനത്താണ് ഇന്നത്തെ ബോംബെ നഗരം ഉയർന്നു വന്നിട്ടുള്ളത്. അന്ന് അതൊരു ചെറുകിട തുറമുഖമായിരുന്നു. പിന്നീട് അവർ ഗുജറാത്തിലെ ബ്രോച്ച് എന്ന സ്ഥലത്തേക്ക് നീങ്ങി. അത് സ്വഹാബികളുടെ നൂറ്റാണ്ടായിരുന്നല്ലോ. സ്വാഭാവികമായും ആ സൈന്യവ്യൂഹത്തിൽ ചെറുതല്ലാത്ത ഒരു സംഘം പ്രവാചകശിഷ്യന്മാർ ഉണ്ടായിരുന്നു എന്നതിൽ സന്ദേഹമില്ല. ഇപ്രകാരം പ്രവാചക ശിഷ്യന്മാരുടെ വരവുകൊണ്ട് ധന്യമായ ഭൂപ്രദേശങ്ങളിൽ ഒന്നായി ഇന്ത്യയും കണക്കാക്കപ്പെടുന്നു.

സർ, തോമസ് ആർനോൾഡ് രേഖപ്പെടുത്തുന്നു: പ്രവാചകന്റെ അന്ത്യത്തിനു ശേഷം പതിനഞ്ചു വർഷത്തിനുള്ളിൽതന്നെ ഇന്ത്യയിലേക്കുള്ള മുസ്‌ലിം മുന്നേറ്റം ആരംഭിച്ചിരുന്നു. സിന്ധിലേക്ക് അറബ് സൈന്യം വന്നതു തൊട്ടാരംഭിച്ച അത് 18-ാം നൂറ്റാണ്ടുവരെ തുടർന്നു.

### വ്യത്യസ്തമായ രണ്ടു വശങ്ങൾ

ഇന്ത്യയിലെ ഇസ്‌ലാമിക പ്രചാരണത്തിന് തീർത്തും വ്യത്യസ്തമായ രണ്ട് വശങ്ങളുണ്ട്. ഇസ്‌ലാം ഒരു പ്രബോധനവും ചിന്തയും എന്ന നിലയിൽ അതിന്റെ പ്രബോധകർ, ഇന്ത്യൻ സമൂഹത്തിനിടയിൽ പ്രചരിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങളാണതിലൊന്ന്. യുക്ത്യധിഷ്ഠിതമായ സദുപദേശവും മാർഗദർശനവും ഉന്നതമായ ജീവിത മാതൃകകളുമാണതിന് അവർ അവലംബമാക്കിയിട്ടുള്ളത്. രണ്ടാമത്തെ വശമാകട്ടെ, ജേതാക്കളായി ഇന്ത്യയിൽ പ്രവേശിച്ച മുസ്‌ലിം സേനാനായകന്മാരുടെയും ഭരണസ്ഥാപകരുടെയും വിജയങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ചരിത്രത്തിൽ ആഴമേറിയ സ്വാധീനമുണ്ടാക്കിയത് ഒന്നാമത്തെ വശമാണെന്ന് കാണാം.

വിശാലമായ ഈ ഭൂപ്രദേശത്ത് ഇസ്‌ലാമിന്റെ സന്ദേശം വ്യാപിപ്പിച്ചതിനുള്ള ശ്രേഷ്ഠത, അറബികളും ഇന്ത്യക്കാരുമായ പ്രബോധകർക്കുള്ളതാണെന്നതിൽ സംശയമില്ല. യഥാർഥ ഇസ്‌ലാമിന്റെ ചൈതന്യമുൾക്കൊണ്ട അവർ തങ്ങൾ ചെന്നെത്തിയ ഇടങ്ങളിലെല്ലാം ദൈവിക സന്ദേശത്തിന്റെ പ്രബോധനത്തിനായി അത്യധ്വാനം ചെയ്തു. വ്യക്തിപരമായ ഇത്തരം സംരംഭങ്ങൾ, ഇന്ത്യയിലെ ഇസ്‌ലാമിന്റെ ഒന്നാമത്തെ സൈനിക വിജയത്തിന് മുമ്പുതന്നെ ആരംഭിച്ചിരുന്നു. (ഹിജ്‌റാബ്ദം 91-ൽ ആണല്ലോ അറബി സേനാനായകൻ മുഹമ്മദുബ്നു ഖാസിം സിന്ധ് ജയിച്ചടക്കുന്നത്). ഇവിടെ സൈനിക വിജയങ്ങൾ നേടുകയും സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്തവരെക്കാൾ പ്രബോധന മേഖലയിൽ സംഭാവനകൾ അർപ്പിച്ചത് ഇതര ജനവിഭാഗങ്ങളായിരുന്നു എന്നത് സ്മരണീയമാണ്. എങ്കിലും ഭരണാധികാരികളിൽ ചിലരെങ്കിലും മൂല്യവത്തായ പല സംഭാവനകളും അർപ്പിച്ചിട്ടുണ്ടെന്നതും വിസ്മരിക്കാൻ പാടില്ല. ഇസ്‌ലാമിക വാസ്തുശില്പ കലയിലും വൈജ്ഞാനിക പരിപോഷണത്തിലും മഹത്തായ ചില സംഭാവനകൾ അവർ അർപ്പിച്ചിട്ടുള്ളത് പരാമർശമർഹിക്കുന്നു.

ഏതായാലും ഇസ്‌ലാമിന്റെ ശബ്ദം ആദ്യമായി ഇന്ത്യയിലെത്തിയത് അറബികളിലൂടെയായിരുന്നുവെന്ന് ചരിത്രം സൂചിപ്പിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിക പ്രബോധനം വ്യാപിപ്പിക്കുന്നതിനുള്ള വഴികൾ വെട്ടിത്തെളിച്ചവരുടെ മുൻനിരയിലാണ് അവരുടെ സ്ഥാനം. അറേബ്യയിൽ ഇസ്‌ലാമിന്റെ ആവിർഭാവമുണ്ടായ അതേ ഘട്ടത്തിൽ തന്നെ ഇന്ത്യയിൽ അതിന് വളക്കൂറുള്ള മണ്ണുള്ളതായി അവർ കണ്ടു. അങ്ങനെ, അവർ ദിവ്യസന്ദേശമിവിടെ എത്തിച്ചു. സ്വസ്ഥവും സമാധാന നിർഭരവുമായ ഒരന്തരീക്ഷത്തിൽ ഇസ്‌ലാം അതിന്റെ സദ്ഫലങ്ങൾ ഈ മണ്ണിൽ വിളയിച്ചു.

### a. കടന്നുവന്ന വഴികൾ

ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ മുഖ്യമായും മൂന്ന് വഴികളിലൂടെയാണ് ഇസ്‌ലാം ഇന്ത്യയിൽ പ്രവേശിച്ചത്. അവയിലേറ്റവും പ്രധാനപ്പെട്ടതായിരുന്നു, അറേബ്യൻ സമുദ്രം അതിരിടുന്ന ഇന്ത്യയുടെ പശ്ചിമ തീരപ്രദേശങ്ങളിലൂടെയുള്ള വരവ്. അതായിരുന്നല്ലോ പുരാതനകാലം മുതല്ക്കേ അറബി വ്യാപാരികളും സഞ്ചാരികളും തീർഥാടകരും സിലോൺ, ചൈന, ജാവ തുടങ്ങിയ വിദൂര പൗരസ്ത്യ ദേശങ്ങളിലേക്കുള്ള യാത്രാമധ്യേ തങ്ങളുടെ ഇടത്താവളമായി സ്വീകരിച്ചിരുന്നത്.

സിന്ധും അനുബന്ധ ഭൂപ്രദേശങ്ങളുമുൾപ്പെടുന്ന ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ തീരദേശങ്ങളാണ് ഇസ്‌ലാം കടന്നുവന്ന രണ്ടാമത്തെ വഴി. ഹി. 91-ൽ ഹജ്ജാജുബ്നു യൂസുഫിന്റെ കാലത്ത് മുഹമ്മദുബ്നു ഖാസിം ജേതാവായി ഇന്ത്യയിൽ പ്രവേശിച്ചത് അതിലൂടെയായിരുന്നു.

മൂന്നാമത്തേത് അഫ്ഗാൻ, ഇറാൻ എന്നിവിടങ്ങളിൽ ചെന്നവസാനിക്കുന്ന ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശങ്ങളിലൂടെയുള്ളതാണ്. ഈ ഗിരിമാർഗത്തിലൂടെ സൈന്യത്തെ നയിച്ച് ഇന്ത്യയിലേക്ക് ആദ്യം കടന്നുവന്നയാൾ ഗസ്നഃയിലെ മഹ്മൂദായിരുന്നു. ഹി. 388-നും 421-നും ഇടയിലായിരുന്നു ആ മുന്നേറ്റം.

പൗരാണിക കാലം മുതല്ക്കേ അറേബ്യൻ അർധദ്വീപും ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ പശ്ചിമ തീരപ്രദേശങ്ങളും തമ്മിലുള്ള ബന്ധം അറബിക്കടലിന്റെ ഇരു ഭാഗങ്ങളിലൂടെയും ശക്തി പ്രാപിച്ചിരുന്നു. അറേബ്യൻ ഉപദ്വീപിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ത്യൻ കച്ചവടക്കാർ ചെന്നെത്തിയപോലെ കച്ചവട ഉദ്ദേശ്യാർഥം ഇന്ത്യൻ തീരങ്ങളിലേക്കുവന്ന അറബി സംഘങ്ങൾക്കും ഇവിടെ കാലുറപ്പിക്കാൻ ഈ ബന്ധം സഹായിച്ചിരുന്നു.

ഇന്ത്യയിലെ ഇസ്‌ലാമിന്റെ വ്യാപന ചരിത്രം അതിന്റെ വഴിയിൽ 14 നൂറ്റാണ്ടുകൾ പിന്നിട്ടു എന്നാണ് ഗ്രഹിക്കാൻ കഴിയുന്നത്. അതിനിടയിൽ 13 ശതകത്തിനപ്പുറം സിന്ധിൽ ഒന്നാമത്തെ അറബി ഭരണകൂടം നിലവിൽ വന്നു. തുടർന്ന്, ഏകദേശം 850-ലധികം വർഷം മുസ്‌ലിംകൾ ഇവിടെ ഭരണം നടത്തി. വ്യക്തമായി പറഞ്ഞാൽ ഗസ്നീ ഭരണകൂടം നിലവിൽവന്ന ഹി. 392 മുതൽ 1274 വരെ (ക്രി. 1001-1857). അതിന് ശേഷമാണല്ലോ ഇംഗ്ലീഷുകാർ ഇവിടെ പിടിമുറുക്കിയത്.

കാലഗണന പ്രകാരം കേരളതീരത്തു കൂടിയുള്ള ഇസ്‌ലാമിന്റെ പ്രവേശമാണ് ആദ്യം നടന്നത്.

### ഒന്നാമത്തെ പ്രവേശനമാർഗം

യമനിലെയും ഹദ്റമൗതിലെയും തീരപ്രദേശങ്ങളിലെ ജനങ്ങൾ ഹിജ്റഃയുടെ ആരംഭത്തിൽത്തന്നെ ഇസ്‌ലാംമതാവലംബികളായിത്തീർന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. യമൻ തീരങ്ങളുടെ നേരെ അഭിമു

ഖമായാണ് കേരളത്തിന്റെ തീരപ്രദേശങ്ങൾ ഉള്ളത്. പ്രസ്തുത തീരങ്ങളിലെ വൻകിട തുറമുഖങ്ങളുമായി ശതാബ്ദങ്ങൾക്കു മുമ്പേ കേരളത്തിന് കച്ചവടബന്ധമുണ്ടായിരുന്നു എന്ന് റോമൻ ചരിത്രകാരന്മാർ പല സ്ഥലങ്ങളിലും പറഞ്ഞിട്ടുണ്ട്. വാണിജ്യവർഗത്തിന്റെ പ്രയാണത്തോടൊപ്പമാണ് ഇസ്‌ലാം മതത്തിന് പ്രചാരണവും ലഭിച്ചത്.

അറബി വ്യാപാരികൾ ഇങ്ങനെ കേരളതീരം വഴി സിലോണിലേക്ക് പോകുന്നതിനിടയിലാണ് ഒരിക്കൽ കൊടുങ്ങല്ലൂരിറങ്ങി കേരള ചക്രവർത്തിയായ ചേരമാൻ പെരുമാളെ കാണുന്നതും തുടർന്നദ്ദേഹം നബിയെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുന്നതും. കേരള ചരിത്രത്തിൽ വളരെയധികം ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുള്ള ആ സംഭവം, ശൈഖ് സൈനുദ്ദീൻ മഖ്ദൂം തന്റെ *തുഹ്ഫതുൽ മുജാഹിദീൻ ഫീ അഖ്ബാരിൽ ബുർതുഗാലിയ്യീൻ* എന്ന ഗ്രന്ഥത്തിൽ വിശദമായി ഉദ്ധരിച്ചിട്ടുണ്ട്.

പ്രവാചകന്റെ കാലത്തുതന്നെയാണ് കേരള രാജാവിന്റെ ഇസ്‌ലാംമത പ്രവേശം നടന്നതെന്ന് സുപ്രസിദ്ധ ചരിത്രകാരനായ ഫിരിശ്ത (*താരീഖെ ഫിരിശ്ത 2/370*) പറയുന്നു.

ചേരമാന്റെ അറേബ്യാ യാത്ര പ്രവാചകന്റെ കാലത്താണ് നടന്നത് എന്നതിനെ നിഷേധിക്കുന്ന ചരിത്രകാരന്മാരുമുണ്ട്. സയ്യിദ് സുലൈമാൻ നദ്‌വിക്കു പുറമേ ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ അഭിപ്രായം മുൻനിർത്തി സർ. തോമസ് ആർനോൾഡും അതിന്റെ സംഭവ്യതയിൽ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എങ്കിലും മലബാർ തീരത്ത് നൂറ്റാണ്ടുകളോളം നീണ്ടുനിന്ന സമാധാനപരമായ മതപരിവർത്തന ശ്രമങ്ങൾക്ക് ഒന്നാന്തരം തെളിവ് നല്കുന്നുണ്ട് ഈ സംഭവങ്ങൾ എന്നതിൽ അദ്ദേഹത്തിന് സംശയമില്ല. എന്നാൽ ആദ്യം പറഞ്ഞ ഗണത്തിൽപെട്ട ചരിത്രകാരന്മാരുടെ വീക്ഷണത്തിനാണ് മുൻതൂക്കമെന്ന് നിഷ്പക്ഷബുദ്ധ്യാ പറയാം.

രണ്ടാമത്തെ പ്രവേശന മാർഗം

ഒന്നാമത്തെ പ്രവേശന മാർഗം കടൽ വഴിയായിരുന്നുവെങ്കിൽ രണ്ടാമത്തെത് കര വഴിയായിരുന്നു. സിന്ധ് ജയിച്ചടക്കിയ അറബ് മുസ്‌ലിം ജേതാക്കളാണ് ആദ്യമായി അതുവഴി ഇന്ത്യയിലേക്ക് കടന്നുവന്നത്. മുഹമ്മദുബ്നു ഖാസിമായിരുന്നു അവരുടെ നേതാവ്. ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് ഇടയ്ക്കിടെയുള്ള പടയോട്ടം ഉമറിന്റെ കാലം മുതല്ക്കേ ആരംഭിച്ചിരുന്നു. എങ്കിലും ആ സൈന്യവ്യൂഹത്തിലെ ആരും തന്നെ രാജ്യാതിർത്തിക്കുള്ളിലേക്ക് കടന്നിരുന്നില്ല. മാത്രമല്ല കടൽ വഴിയുള്ള യാത്രക്കൊന്നും മുസ്‌ലിംകൾക്ക് അനുവാദം കൊടുക്കാൻ ഖലീഫഃ അന്ന് തയ്യാറായിരുന്നില്ല. എന്നാൽ ഉമറിനുശേഷം ഉഥ്മാൻ ഖിലാഫത് ഏറ്റെടുത്തപ്പോൾ മുആവിയഃക്ക് കടൽമാർഗമുള്ള പടയോട്ടത്തിന് അനുവാദം കൊടുത്തു. അദ്ദേഹം ഇന്ത്യ ജയിച്ചടക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിരുന്നു. അതിനുവേണ്ട വിവരങ്ങൾ അന്വേഷിച്ചുവരാനും സ്ഥിതിഗതികൾ പഠിക്കാനും തന്റെ ദൂതന്മാരെ നിയോഗിക്കുകയും ചെയ്തിരുന്നു. നാലാം ഖലീഫഃ അലിയുടെ കാലത്ത് ഹാരിഥുബ്നു മുർറതുൽ അബ്ദ് എന്ന സേനാനായകൻ ആ ഭാഗത്തേക്ക് സ്വമേധയാ ഒരു മുന്നേറ്റം നടത്തി. കുറേ നേട്ടങ്ങൾ കൈവരിച്ചു. ഇപ്രകാരം ഹജ്ജാജുബ്നു യൂസുഫിന്റെ കാലം വരെയും മുസ്‌ലിം സേനാനായകന്മാർ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ കവാടത്തിൽ മുട്ടിക്കൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് സിന്ധ് ജയിച്ചടക്കാൻ വേണ്ടി ശക്തവും ആസൂത്രിതവുമായ ഒരു സൈന്യനിരയെ മുഹമ്മദുബ്നു ഖാസിമിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയത്. അദ്ദേഹം ജേതാവായി സിന്ധിൽ പ്രവേശിച്ചു ആ ഭാഗത്ത് ആദ്യമായി ഒരു പള്ളി നിർമിച്ചു. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ പ്രഥമ ഇസ്‌ലാമിക ഭരണകൂടത്തിന്റെ അടിത്തറയാണതിലൂടെ അദ്ദേഹം അവിടെ സ്ഥാപിച്ചത്. ഹി. 92-ലായിരുന്നു ചരിത്രപ്രസിദ്ധമായ ആ സംഭവം. അതിന്റെ തലസ്ഥാനത്തിന് മൻസ്വൂറഃ എന്ന് നാമകരണവും നടത്തി. അറബി സൈന്യം നിർണായകമായ ഒരു വിജയമാണ് സിന്ധ് പിടിച്ചെടുത്തതിലൂടെ നേടിയത്. ചരിത്രകാരനായ മസ്ഊദി രേഖപ്പെടുത്തുന്നു: മൻസ്വൂറഃക്ക് ആ പേര് ലഭിച്ചത് സിന്ധിലെ ഭരണാധികാരികളിൽ ഒടുവിലത്തെയാളായ മൻസ്വൂറുബ്നു ജുംഹൂരിൽ കലബിയുടെ നാമവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. അദ്ദേഹത്തിന്റെ കാലത്താണ് അറബികൾ കശ്മീറും മുൽതാനും ജയിച്ചടക്കുന്നത്. ഉമവീ ഭരണത്തിന് ശേഷം സിന്ധ് അബ്ബാസീ കരങ്ങളിലേക്ക് നീങ്ങി. ഈ പ്രദേശം ഹി. 92 മുതൽ 316 വരെ ഇന്ത്യയിലെ അറബി ഭരണത്തിന്റെ രാഷ്ട്രീയവും സൈനികവുമായ കേന്ദ്രമായി നിലകൊണ്ടു. ഇസ്‌ലാമിക സംസ്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും പ്രഭവ കേന്ദ്രമെന്ന നിലയിലും സിന്ധിന് ഇന്ത്യാ ഉപഭൂഖണ്ഡത്തെ സ്വാധീനിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ സൈനിക വിജയങ്ങൾ നേരത്തെ പറഞ്ഞ മേഖലകളിൽ ഒതുങ്ങിനിന്നു.

മൂന്നാമത്തെ വഴി

ഇന്ത്യയിലേക്ക് ഇസ്‌ലാം കടന്നുവരുന്നതിന് കാരണമായ മൂന്നാമത്തെ മാർഗമാണ് ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഏറെ വിവാദങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. കരവഴി തന്നെയായിരുന്നു ഇതും. അഫ്ഗാൻ, ഇറാൻ എന്നിവിടങ്ങളിൽ ചെന്നവസാനിക്കുന്ന ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ അതിർത്തിയിലെ ഗിരിനിരകൾ പിന്നിട്ട് ആദ്യം ഇവിടെ എത്തിയത് ഗസ്നി സുൽത്വാൻ മഹ്മൂദായിരുന്നു. 392/1001-ൽ ആയിരുന്നു അത്. ഇന്ത്യയിൽ വിവിധ മുസ്‌ലിം ഭരണകൂടങ്ങൾ സ്ഥാപിച്ച അഫ്ഗാനികളും തുർകികളും മുഗൾ വംശജരും അദ്ദേഹത്തെത്തുടർന്ന് വന്നവരാണ്. ഇന്ത്യയുടെ മിക്കവാറും പ്രദേശങ്ങൾ അവർ കീഴടക്കുകയും ഭരണകൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഹി. നാലാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട അത്തരം ഭരണകൂടങ്ങൾ എട്ടു നൂറ്റാണ്ടോളം ഇവിടെ നിലനിന്നു.

ഖൈബർ ചുരം വഴി ഇന്ത്യയിൽ പ്രവേശിച്ച ഈ രാജാക്കന്മാരും ജേതാക്കളും ഇസ്‌ലാമിന്റെ പ്രത്യേകതകളെക്കുറിച്ച് മിക്കവാറും അജ്ഞാതരായിരുന്നു; അവരിൽ അല്പം ചിലരൊഴികെ. പ്രവാചക ശിഷ്യന്മാരിലും താബിഉകളിലും പെട്ട യോദ്ധാക്കളെപ്പോലെ അവരുടെ ഹൃദയങ്ങൾ ഇസ്‌ലാമികാവേശത്താൽ ചൈതന്യധന്യമായിരുന്നില്ല. അതിനാലാണ് അറബികൾ സിറിയയിലും ഫിലസ്ത്വീനിലും ഈജിപ്തിലും വടക്കനാഫ്രിക്കയിലും സൃഷ്ടിച്ചെടുത്ത വിശ്വാസവിപ്ലവം അവർക്ക് ഇന്ത്യയിൽ സാധിക്കാതെ പോയത്. തൗഹീദിന്റെ ശബ്ദം തദ്ദേശീയരുടെ കർണപുടങ്ങളിൽ വേണ്ടവണ്ണം പതിപ്പിക്കാൻ കഴിയാത്തതും അതുകൊണ്ടുതന്നെ. എന്നല്ല, ഇന്നാട്ടുകാരുടെ വിശ്വാസാചാരങ്ങളിൽ കാര്യമായ എന്തെങ്കിലും സ്വാധീനം ചെലുത്താനും അവർക്ക് കഴിഞ്ഞിരുന്നില്ല.

ഈ ജേതാക്കൾ നടത്തിയ യുദ്ധങ്ങൾക്കും പടയോട്ടങ്ങൾക്കും അവരുടെ സാമ്രാജ്യ സ്ഥാപന മോഹങ്ങൾക്കപ്പുറം എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരുന്നതായി അറിവില്ല. അവരെങ്ങാനും ഇസ്‌ലാമിനെ തങ്ങളുടെ പ്രഥമ പരിഗണനക്ക് എടുത്തിരുന്നുവെങ്കിൽ ഈ രാജ്യത്തിന്റെ ചിത്രവും ചരിത്രവും മറ്റൊന്നാകുമായിരുന്നു. ഉദാഹരണത്തിന്, ഇന്ത്യയിലേക്ക് ഈ മാർഗത്തിലൂടെ ആദ്യമായി പടനയിച്ച മഹ്മൂദ് ഗസ്നിയെ എടുക്കാം. അദ്ദേഹത്തിന്റെ സൈന്യത്തിലധികവും പുതുമുസ്‌ലിംകളാണുണ്ടായിരുന്നത്. അവരുടെ സംസ്കരണമോ ശിക്ഷണമോ ഒന്നും അദ്ദേഹത്തിന്റെ പരിഗണനയിൽ ഇല്ലായിരുന്നു. അവരിൽത്തന്നെ വിഗ്രഹാരാധകരുടെയും ഹൈന്ദവരുടെയും ചെറുതല്ലാത്ത ഒരു സംഘം ഉണ്ടായിരുന്നത്രെ.

b. വിവിധ വിഭാഗങ്ങളുടെ പങ്ക്

ഇന്ത്യയിൽ ഇസ്‌ലാം അതിന്റെ ചരിത്രത്തിലെ ഏറ്റവും മഹത്തരവും ശാശ്വതവുമായ മിഷണറി വിജയം നേടിയത്, അത് രാഷ്ട്രീയമായി വളരെ ദുർബലമായ ഘട്ടങ്ങളിലും സ്ഥലങ്ങളിലുമാണ്. ദക്ഷിണേന്ത്യയിലും കിഴക്കൻ ബംഗാളിലും അതായിരുന്നു സ്ഥിതി.

ഇന്ത്യയുടെ സുദീർഘമായ ഇസ്‌ലാമിക പ്രബോധന ചരിത്രത്തിൽ ഭരണാധികാരികളെക്കാൾ -അല്പം ചിലരൊഴികെ-കൂടുതലായി ദൗത്യനിർവഹണം നടത്തിയത് അറബികളും അനറബികളുമായ വ്യക്തികളായിരുന്നു. നിരവധി സ്വൂഫിവര്യന്മാരും പണ്ഡിതരും പരിഷ്കർത്താക്കളും ഈ മഹാ ദൗത്യത്തിൽ പങ്കാളികളായിരുന്നു.

ഹി. ആറാം ശതകം മുതൽ ഇങ്ങോട്ടുള്ള കാലയളവിൽ ഇന്ത്യയിലെ ഇസ്‌ലാമിക പ്രബോധന മേഖലയിൽ നിറഞ്ഞുനിന്ന വ്യക്തിത്വങ്ങളായിരുന്നു ഖാജ മുഈനുദ്ദീനുൽ ചിശ്തിയ്യുൽ അജ്മീരി (ഹി. 538–633), ശൈഖ് ഖുത്ബുദ്ദീൻ ബഖ്തിയാരിയ്യുൽ കഅ്കി (ഹി. 583–633), ശൈഖ് നിളാമുദ്ദീനിദ്ദഹ്‌ലവി (ഹി. 636–725), ശൈഖ് നസ്വീറുദ്ദീനിദ്ദഹ്‌ലവി (മ.ഹി. 757), ശൈഖ് സൈനുദ്ദീൻ മഖ്ദൂം (ഹി. 873–928), ശൈഖ് അഹ്മദ് സർഹിന്ദി (ഹി. 977–1034 -ഇദ്ദേഹമാണ് അക്ബർ ചക്രവർത്തി സൃഷ്ടിച്ചുവിട്ട വഴികേടിന്റെ കാലഘട്ടത്തിൽ അതിനെ പ്രതിരോധിച്ച മഹാനായ പരിഷ്കർത്താവ്), ശൈഖ് അബ്ദുൽ ഹഖ്ഖിദ്ദഹ്‌ലവി (ഹി. 958–1052), ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവി (ഹി. 1114–1176– നിരവധി ആധികാരിക ഗ്രന്ഥങ്ങളുടെ കർത്താവായ ഇദ്ദേഹം ഇന്ത്യയിലെ അതിപ്രഗല്ഭരായ പണ്ഡിതന്മാരിൽ ഒരാളാണ്), മൗലാനാ മുഹമ്മദ് ഖാസിം നാനൂതവി (ഹി. 1248–1297) എന്നിവർ.

ലക്ഷക്കണക്കിനാളുകൾ ഈ മഹാന്മാരുടെ പ്രവർത്തനഫലമായി ഇസ്‌ലാമിലേക്കു വന്നു. ഭരണാധികാരികളിൽ ചിലരും ഈ കാലയളവിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിൽ മനസ്സുവച്ചിരുന്നു. അവരിൽ ചിലരാണ്, മുഹമ്മദ് തുഗ്ലഖ് (ഹി. 725–751– നീതിമാനും ദീനീസ്നേഹിയുമായ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം), ഫീറൂസ് ഷാ തുഗ്ലഖ് (ഹി. 755–790), സിക്കന്ദർ ലോദി (ഹി. 894–923) എന്നിവർ. ഹി. 10–ാം നൂറ്റാണ്ടിന് മുമ്പ് ജീവിച്ചിരുന്നവരിൽ പ്രമുഖമായും ദീനീ പ്രചാരണത്തിൽ ശ്രദ്ധിച്ചിരുന്നത് ഇവരായിരുന്നു.

ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവിക്ക് മുമ്പ് രാഷ്ട്രീയ മേഖലയിൽ ഔറൻഗസീബ് ആലംഗീറിന്റെ നാമം എടുത്തു പറയേണ്ടതാണ്. തന്റെ മുൻഗാമികളിൽനിന്ന് വ്യത്യസ്തനായി നിരവധി സേവനങ്ങൾ ഇസ്‌ലാമിക മേഖലയിൽ അദ്ദേഹം അർപ്പിച്ചു.

സയ്യിദ് അഹ്മദ് ശഹീദും സയ്യിദ് ഇസ്മാഈൽ ശഹീദും പ്രബോധനമേഖലയിൽ അനുഷ്ഠിച്ച ത്യാഗങ്ങളും സ്മരണീയമത്രെ.